D3/742/21/GECTCR

ഗവ:എഞ്ചിനീയറിംഗ് കോളേജ്,

തൃശ്ശൂർ ,തിയ്യതി 19.01.2021

## ക്വട്ടേഷൻ നോട്ടീസ്

തൃശ്ശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ ഒരു വർഷത്തേക്ക് കാൻറീൻ നടത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻറെ പുറത്തു ക്വട്ടേഷൻ നമ്പർ ഡി 3/70/20-21 എന്ന് എഴുതേണ്ടതാണ്/.പ്രസ്തുത ക്വട്ടേഷൻ 16/02/2021 2 മണിക്ക് മുൻപായി പ്രിൻസിപ്പാളിന് ലഭിക്കേണ്ടതാണ് .ക്വട്ടേഷനുകൾ 17/02/2021 രാവിലെ 11 മണിക്ക് ബന്ധപ്പെട്ട കോൺട്രാക്ടർമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഈ നോട്ടീസിനോടനുബന്ധിച്ച് ഉള്ള പട്ടികയിൽ പറയുന്ന ആഹാര സാധനങ്ങൾക്കുള്ള സ്റ്റാൻഡേർഡ് അളവും തൂക്കവും നിരക്കും ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

1. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 25,000/- രൂപയുടെ ഡി ഡി പ്രിൻസിപ്പാളിൻറെ പേരിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. കാൻറീൻ കരാറിൻറെ ആദ്യത്തെ മൂന്ന് മാസത്തിൽ രണ്ട് മാസം നിരീക്ഷണ കാലവും അതിനുശേഷം പരാതികൾ ഉണ്ടെങ്കിൽ അത് പരിശോധിച്ചു പരിഹരിക്കുന്നതിന് ഒരു മാസം കൂടി സമയം നൽകുന്നതുമായിരിക്കും. വീണ്ടും പരാതി ഉണ്ടെങ്കിൽ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതായിരിക്കും
3. കോൺട്രാക്ടർ ചുരുങ്ങിയത് 2 വർഷം കാൻറീൻ /ഹോട്ടൽ നടത്തുന്നവരും അല്ലെങ്കിൽ നടത്തി പരിചയം ഉള്ളവരുമായിരിക്കണം.
4. ക്വട്ടേഷനോടൊപ്പം ഒറിജിനൽ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഹോട്ടൽ നടത്തുന്നവർ പഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറിമാർ / സ്ഥാപനമേധാവി വിതരണം ചെയ്ത ലൈസൻസ്/ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. കോൺട്രാക്ടർ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയാൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതായിരിക്കും.
6. കരാർ ലഭിക്കുന്ന വ്യക്തി 220 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ പ്രിൻസിപ്പാൾക്ക് ഉടമ്പടി നൽകേണ്ടതും 40, 000/- രൂപയുടെ ഡി ഡി നിക്ഷേപ തുക ആയി നല്കേണ്ടതാണ്.
7. കരാറുകാരൻ കാലാവധിക്കുള്ളിൽ കാൻറീൻ നിർത്തിപ്പോകുന്ന പക്ഷം നിക്ഷേപ തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.
8. കാൻറീനിൽ ആവശ്യമായ വെള്ളം,ഫർണീച്ചർ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതാണ് . ആയതിൻറെ വാടക 2000/-രൂപ എല്ലാ മാസവും 5-)o തീയതിക്കുള്ളിൽ, ഓഫീസിൽ അടക്കേണ്ടതാണ്.
9. വൈദ്യുതി ഉപയോഗിക്കുന്നതിന് വൈദ്യുതിയുടെ അതാത് കാലത്തെ താരിഫ് അനുസരിച്ചു എല്ലാ മാസവും അടക്കുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. ആയത് എല്ലാ മാസവും 10-)o തീയതി.ക്കുള്ളിൽ ഈ ഓഫീസിൽ അടക്കേണ്ടതാണ്.
10. കാൻറീൻ ജീവനക്കാർ വിദ്യാർഥികളോടും ജീവനക്കാരോടും മാന്യമായ രീതിയിൽ പെരുമാറേണ്ടതും നല്ല രുചിയോടും വൃത്തിയോടും കൂടി ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം കാൻറീൻ കരാർ റദ്ദാക്കുന്നതായിരിക്കും.
11. കാൻറീനിൽ തന്നെ പാചകം ചെയ്ത ഭക്ഷണപദാർഥങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പുറമെ നിന്ന് ഭക്ഷണപദാർഥങ്ങൾ വാങ്ങി വിതരണം ചെയ്യാൻ പാടുള്ളതല്ല.
12. ചുരുങ്ങിയ വിലയുടെ അടിസ്ഥാനത്തിലല്ല കരാർ ഉറപ്പിക്കുന്നത് . കരാർ ഉറപ്പിക്കുന്നതിനും റദ്ദാക്കുന്നതിനും പ്രിൻസിപ്പാളിന് പൂർണ്ണ അധികാരമുണ്ട് .

Draft #1 of File D3/742/21/GECTCR Approved by Principal